COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION, 1123

Tuesday, *the* *17th February 1948* / *5th Kumbham 1123*

The Council met in the Council Hall, Ernakulam at half-past Eleven of the Clock with the Hon'ble President (Mr. L. M. PYLEE, M. A., B. L.) in the Chair.

Mrs. K. M. R. Menon, Mrs. Dakshayani Velayudhan, Messrs. M. O. Thomakutty, P. E Warne and K. Natarajan Chettiar were absent.

I. QUESTIONS AND ANSWERS

NEMMARA PANCHAYAT—SUPPLY OF ELECTRICITY—EXTENSION OF

198. മിസ്റ്റർ കെ. നടരാജൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട തവണ്ണെങ്ങിൽനിന്നും സദയം മറുപടി പറയുമോ.—

(എ) നെന്മാറ പഞ്ചായത്തിൽനിന്നും വിഞ്ഞനഗ്ഗരിക്ക് എലക്ട്രിക്ക ലയിൻ നീട്ടേണ്ടതാണെന്നുള്ള റസല്യൂഷൻ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി ഏന്തു നടപടി എടുത്തിട്ടുണ്ട്?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉണ്ട്.

(ബി) ഈ പണിക്ക് ആവശ്യമായിട്ടുള്ള സർവ്വെ നടത്തിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ നെന്മാറയിൽ കൂടുതൽ പൈക്കാറ വിദ്യുച്ഛക്തി ലഭിച്ചില്ലാതെ പണി പൂർത്തിയാക്കുവാൻ സാധിക്കയില്ല. പൈക്കാറ വിദ്യുച്ഛക്തി ലഭിക്കുവാൻ അടിയന്തിരനടപടികൾ എടുത്തു വരുന്നുണ്ട്.

SITE FOR DEPOSITING NIGHTSOIL—LOCATION OF

199. **Mr. P. Mani** *(Kanayannur):* Will Government be pleased so state.—

(*a*) whether the Government have fixed the site for depositing the night soil now deposited at Kalur;

(*b*) if so, will Government be pleased to state whether it is the very same site suggested by the Town-Planning Expert who had visited Ernakulam recently?

Mr. Parambi Lonappen (*Minister for Revenue*):

(*a*) Government have tentatively fixed upon a site.

(*b*) Government are not aware of any such suggestion.

മിസ്റ്റർ പി. മാണി: ഗവണ്മെന്റ് ടെന്റേറ്റീവ് ആയിട്ട് ഫിക്സ് ചെയ്തതായി പറയപ്പെട്ടുന്നു എവിടെയാണെന്ന പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു പള്ളിമറ്റത്താണ്.

മിസ്റ്റർ പി. മാണി: അതിനെക്കുറിച്ചു തവണ്ണെങ്ങിന് ആക്ഷേപങ്ങളൊന്നും കിട്ടിയില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. അതിനെപ്പറ്റി ഗവണ്മെന്റും കമ്മിറ്റിക്കാരും അന്വേഷിച്ചു. ഒരു മെമ്പറൊഴികെ, ബാക്കി മെമ്പർമാരുടെ അന്വേഷണത്തിൽ ആ സ്ഥലമാണ് unobjectionable ആയി കണ്ടത്.

മിസ്റ്റർ പി. മാണി: വഴിയിൽ ആ സ്ഥലം മുങ്ങിപോകുമെന്ന തവണ്ണെങ്ങിന്നറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. മാണി: കഴിഞ്ഞ വഷ്ത്തിൽ ഈ സ്ഥലം മുങ്ങിക്കിടക്കുമ്പോൾ മന്ത്രിയെ ഈ സ്ഥലം കൊണ്ടുപോയി കാണിച്ചുതായി അറിയാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ; അറിയുകയില്ല.

മിസ്റ്റർ പി. കെ. ഡീവർ: കണയന്നൂരിൽ ഈ സാധനം എത്തിച്ചുകൊടുത്താൽ, അതിന്നു തക്ക സ്ഥലം കൊടുക്കാമെന്നു് ഒരു മെമ്പർ പറയുകയുണ്ടായിട്ടുണ്ടു്. അതിനെക്കുറിച്ചാലോചിക്കുകയുണ്ടായൊ?

റാവു ബഹദൂർ ടി. കെ. നായർ: ഇതു് അങ്ങോട്ടു കൊണ്ടുപോകാനുള്ള ചിലവു് നോക്കിയതിൽ, അതു് മുനിസിപ്പാലറ്റി Bear ചെയ്യേണ്ടതായിട്ടാണു് ഇരിക്കുന്നതു്. അതിന്നു് മുൻസിപ്പാലറ്റിയിൽ നിന്നു് ഒരുക്കമുള്ളതായിക്കണ്ടില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇതു് അവർ കൊണ്ടുപൊയ്ക്കൊള്ളാമെന്നു പറഞ്ഞാൽ കൊടുത്തുകൂടെ?

റാവു ബഹദൂർ ടി. കെ. നായർ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: ഇതു വളമായിട്ടു് അവിടെയുള്ള കൃഷിക്കാർക്കു കൊടുക്കുകയാണെങ്കിൽ അതിന്റെ ചിലവു് വളരെ കുറക്കുവാൻ സാധിക്കുകയില്ലെ?

റാവു ബഹദൂർ ടി. കെ. നായർ: ചിലവിന്റെ കാര്യത്തിൽ ഒരു വിഷമം മാത്രമല്ല ഇക്കാര്യത്തിലുള്ളതു്. ഇതു് വളരെ ട്രാഫിക്കും മറ്റുമുള്ള തുപ്പുണിത്തുറ റോഡിൽക്കൂടി കൊണ്ടുപോകുകയാണെങ്കിൽ, ആ നാട്ടുകാർ മുഴുവൻ അതിനെ protest ചെയ്യും, കുറെ നൂസെൻസും ഉണ്ടാകുമെന്നു് ഗവൺമെണ്ടിന്നു് ബോദ്ധ്യമുണ്ടു്. അതുകൊണ്ടാണു് അതു ചെയ്യാത്തതു്.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: ഈ പള്ളിമിറ്റത്തേക്കു് കൊണ്ടുപോകാമെന്ന തീർച്ചയാക്കീട്ടു് എത്ര കാലമായി?

റാവു ബഹദൂർ ടി. കെ. നായർ: അതിനെക്കുറിച്ചു് ഒരു ഫൈനൽ ഡിസിഷൻ ആയിട്ടില്ല.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: അങ്ങിനെ ഒരു ഫൈനൽ ഡിഡിക്ഷൻ എപ്പോൾ ആകും?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് ഉടനെതന്നെ ആകും.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: അതു് എപ്പോൾ ആകുമെന്നു പറയാൻ ഭയമുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ ഒരു സെപ്റ്റിക്കു് ടാങ്കു് ഉണ്ടാക്കാമെന്നു് പറയുന്നുണ്ടു്. അതിനെക്കുറിച്ചു് ആലോചനയിൽ ഇരിക്കുകയാണു്.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: അങ്ങിനെ ഒരു septic tank എറണാകുളത്തു് ഉണ്ടാക്കരുതെ?

മിസ്റ്റർ പറമ്പി ലോനപ്പൻ. ഇതു മുഴുവൻ കൊണ്ടുപോയി ഇടാൻ വലിയ തോതിലുള്ള ഒരു septic tank വേണം. അങ്ങിനെ വലിയതോതിലുള്ള ഒരു septic tank ഉണ്ടാക്കുകയാണെങ്കിൽ എറണാകുളത്തു് successful ആകുമൊ എന്നു് സംശയമാണു്. അതിനെക്കുറിച്ചു് വേണ്ടവിധം ആലോചനക്കു് വെച്ചിരിക്കുകയാണു്.

മിസ്സിസ്സു് ടി. ഫ്രാൻസിസ്സു്: ഇവിടെ ആ സ്ഥലം successful ആകുകയില്ല എന്നാണൊ പറയുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: എറണാകുളത്തു് അതു് successful ആകുകയില്ലെന്നാണു ടൌൺ പ്ലാനിങ്ങ് എക്സ്പാർട്ടിന്റെ അഭിപ്രായം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇതിൽ പറയുന്ന സാധനം, അതു് എത്തിക്കേണ്ട സ്ഥലത്തു് എത്തിക്കുവാനുള്ള കാര്യത്തിൽ ഗവൺമെണ്ടു കാര്യമായിട്ടു് ഇതുവരെ വല്ലതും ചെയ്തിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: അതിൽ പല process-ം ഉണ്ടു്. അതു് വളരെ നിസ്സാരങ്ങളായ സംഗതികളാണെന്നു വിചാരിക്കാവുന്നതല്ല. അവയൊന്നും എക്സിക്യൂഷനിൽ ആയിട്ടില്ല. തുശ്ശിവപേരൂർ അതു വളമായി ഉപയോഗിക്കാൻ സാധിക്കുമെന്നു കണ്ടു് അവിടെ അതു് കുറച്ചുകാലം നോക്കുകയുണ്ടായിട്ടുണ്ടു്. ഇപ്പോഴും നോക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ അവിടെയും ഈ Fowler's Method അത്ര ശരിയല്ല എന്നാണ് പറയുന്നത്. അതിന്റെ നാലുപുറവും ഇരിക്കുന്ന ആളുകളുടെ complaint ഉണ്ട്. അനുഭവത്തിൽ ഇതൊന്നും successful ആയി കാണാനില്ല. അതുകൊണ്ട് ഇതിനെക്കുറിച്ച് ആലോചിക്കുകയാണ്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: മലത്തെ വളമാക്കി ഉപയോഗപ്പെടുത്തുന്നതിനു്, ലോകത്തിൽ എവിടെയെങ്കിലും ശരിയായിട്ടുള്ള ഏതെങ്കിലും methods ഉള്ളതായി ഇന്നത്തെ ഗവൺമെണ്ടിനറിയാമൊ?

റാവു ബഹദൂർ ടി. കെ. നായർ: അതാണ് പറഞ്ഞത് Indore Method, Fowler's method, ഇങ്ങിനെ പലതുമുണ്ട്. പക്ഷെ അതിനൊക്കെ വളരെ സൌകര്യമായ സ്ഥലം ആവശ്യമാണ്. പക്ഷെ. ഇവിടെ പട്ടണത്തിൽ അതൊക്കെ ചെയ്യുന്നതിനു് അത്ര സൌകര്യമായിട്ട സ്ഥലമില്ലാത്തതുകൊണ്ട്, ആ സ്ഥലത്തിന്റെ അയൽവാസികളൊക്കെ അതു് ഉപദ്രവമായിട്ടെ കണക്കാക്കുകയുള്ളു.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: സർ, ഈ വിഷയം കുറച്ചുകൂടി കാര്യക്ഷമമായിട്ടാലോചിച്ചു് അതുണ്ട്; ഇതുണ്ട്, എന്നുള്ള ഭാഷ മാറ്റിവിട്ട് ഇന്ന തീയ്യതിക്കുമുമ്പു് ആലോചിച്ചു്, ഇന്ന നിലയിൽ എത്തിച്ചുകൊള്ളാമെന്നു് ഇന്നത്തെ ഗവൺമെണ്ടിനു് പറയാൻ സാധിക്കുമൊ?

റാവു ബഹദൂർ ടി. കെ. നായർ: കൃത്യമായിട്ടുള്ള ചോദ്യം ചോദിച്ചുകഴിഞ്ഞാൽ, അവിടെയുണ്ട്, ഇവിടെയുണ്ട് എന്നു പറയാതെ, കൃത്യമായിട്ടുള്ള മറുപടി തരുവാൻ ഗവൺമെണ്ടു് തയ്യാറാണ്. ഇവിടെ Trenching ground shift ചെയ്യേണ്ട കാര്യത്തെപ്പറ്റി പറയുമ്പോൾ, ഇൻഡോറിലും മറ്റുമുള്ള നടപടിയെക്കുറിച്ചു് പറയാൻ ഗവൺമെണ്ടു് ഒരുങ്ങിവന്നിട്ടില്ല എന്നു് വ്യസനസമേതം അറിയിച്ചുകൊള്ളട്ടെ.

Mr. S. S. Koder *(Nominated)*: Has the Government realised that the only practical solution to this problem is the drainage scheme?

Rao Bahadur T. K. Nayar *(Prime Minister)*: That is the best thing.

Mr. S. S. Koder *(Nominated)*: Is that the only solution?

Rao Bahadur T. K. Nayar *(Prime Minister)*: I cannot say that that is the only solution; that is the best.

Mr. S. S. Koder *(Nominated)*: Has the Government taken any steps to introduce drainage scheme in the town of Ernakulam?

Rao Bahadur T. K. Nayar *(Prime Minister)*: There also there is practical difficulty because of the proximity of water.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: Town Planning Expert വന്നു എന്നു പറഞ്ഞുവല്ലൊ. അപ്പോൾ ഈ septic tank ന്റെ കാര്യം പറഞ്ഞകൂട്ടത്തിൽ, proper drainage scheme നെപ്പറ്റി ചോദിക്കുകയുണ്ടായിട്ടുണ്ടോ?

Rao Bahadur T. K. Nayar *(Prime-Minister)* That is being examined.

മിസ്റ്റർ പി. മാണി: ഇവിടെ കുറച്ചു മുമ്പു Town Planning expert വന്നിരുന്നപ്പോൾ അദ്ദേഹത്തോടു് ഇതിനു ഏറ്റവും പറ്റിയ സ്ഥലം തിരഞ്ഞെടുക്കുന്ന സംഗതിയെപ്പറ്റി ആലോചിക്കയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

STUDENTS EXPELLED FROM THE ERNAKULAM COLLEGE—RE-ADMISSION OF

200. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു സദയം മറുപടി പറയുമൊ—

(എ) എറണാകുളം കോളേജിൽനിന്നും പുറത്താക്കിയ ഏ ഴു വിദ്യാർത്ഥികളെ കോളേജിലേക്കു തിരച്ചെടുക്കണമെന്നായി പ്രിൻസിപ്പാൾ മദ്രാസ് സർവ്വകലാശാലക്കു ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) പ്രിൻസിപ്പാൾതന്നെയാണൊ ഇവരെ പുറത്താക്കിയതു;

(സി) മതിയായ കാരണം കൂടാതെയാണോ ഇവരെ പുറത്താക്കിയതു;

(ഡി) അല്ലെങ്കിൽ പിന്നീടു തിരച്ചെടുക്കണമെന്നു ശുപാർശചെയ്യുവാൻ കാരണമെന്തായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly